**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3077 — 21/06/2013-ൽ മറുപടിയ്ക്ക്

## നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) | നാളികേര കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) | നാളികേര കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | മറ്റ് കാർഷിക ഉല്പന്നങ്ങൾക്ക് വൻവില ലഭിക്കുമ്പോൾ നാളികേരത്തിന് മാത്രം വർഷങ്ങൾക്ക് മുമ്പുള്ള വില തന്നെയുണ്ടാകുവാനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ ; | ബി) | ഉണ്ട് |
| സി) | ശ്രീലങ്ക, മലേഷ്യ, ഫിലിപ്പൈൻസ് തുടങ്ങിയ രാജ്യങ്ങളിലെല്ലാം തേങ്ങയ്ക്ക് ഉയർന്ന വിലയും, ധാരാളം മൂല്യവർദ്ധിത ഉല്പന്നങ്ങളും ഉണ്ടാകുമ്പോൾ മൂല്യ വർദ്ധിത ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അത്തരം ടെക്നോളജി കണ്ടെത്തി കേര കർഷകർക്ക് മുതൽ കൂട്ടാകുന്ന പദ്ധതികളാവിഷ്കരിക്കുമോ? | സി) | നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സഹായകമായ വിവിധ പദ്ധതികൾ കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡ് വഴി നടപ്പിലാക്കുന്നുണ്ട്. കോക്കനട്ട് ബോർഡിന്റെ നാളികേര ടെക്നോളജി മിഷൻ പദ്ധതിയിൽ നാളികേര സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനു പുറമെ നിലവിലുള്ള യൂണിറ്റുകൾ വികസിപ്പിക്കുന്നതിനും, ആധുനീകരണത്തിനും. കരിക്കിൻവെള്ള സംസ്ക്കരണം, ഉരുക്കു വെളിച്ചെണ്ണ, ഡെസ്സിക്കേറ്റഡ് കോക്കനട്ട് തുടങ്ങിയ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും ടെക്നോളജി മിഷൻ പദ്ധതി പ്രകാരം 25% പരമാവധി 50 ലക്ഷം രൂപ എന്ന കണക്കിൽ സഹായം നൽകുന്നുണ്ട്. സി.ഡി.ബി മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിക്ക് കൃഷി വകുപ്പിൽ നിന്നും 25% സബ്സിഡി പരമാവധി 25 ലക്ഷം രൂപ നൽകുന്ന പദ്ധതി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖാന്തിരം നടപ്പിലാക്കുന്നുണ്ട്. ഇതിനു പുറമെ നാളികേരത്തിന്റെ മൂല്യ വർദ്ധനവിനായി സംസ്ഥാനത്ത് 3 നാളികേര ബയോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിച്ച് നടപടികൾ പുരോഗമിച്ചു വരുന്നു. |

മൂല്യ വർദ്ധിത വിപണി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ കേരഫെഡ് സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. നാളികേരത്തിൽ നിന്ന് ഡെസിക്കേറ്റഡ് നാളികേരം, നാളികേര ക്രീം, നാളികേര പാൽ, നാളികേര പാൽപ്പൊടി തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വിപണിയിലിറക്കി കഴിഞ്ഞു.

രാജ്യത്തിന്റെ പുറത്തുള്ള വിപണികളിൽ ഈ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള വിപണന ശൃംഖല കെട്ടിപ്പെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.

Sreekumar

**സെക്ഷൻ ഓഫീസർ**

## സംസ്ഥാന നാളികേരവികസന പദ്ധതി

നാളികേര കൃഷിയിൽ ഉല്പാദനവും ആദായവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2012-13 വർഷവും സംസ്ഥാനത്തെ 7 ജില്ലകളിൽ 784 ക്ലസ്റ്ററുകളിലൂടെ 19600 ഹെക്ടറിൽ പുതുതായി ശാസ്ത്രീയ പരിചരണമുറകൾ നടപ്പിലാക്കി. 10200 ഹെക്ടറിൽ രണ്ടാംവർഷ പരിചരണം നടത്തി. എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴു ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. തെങ്ങിൻ തോട്ടത്തിലെ ഇടയിളക്കൽ, തെങ്ങിൻതടം വൃത്തിയാക്കൽ ശാസ്ത്രീയ വള പ്രയോഗവും സസ്യസംരക്ഷണവും നടത്തിയതു കൂടാതെ രോഗം ബാധിച്ചതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം പുതിയ തൈകൾ നട്ടുപിടിപ്പിക്കുകയും പദ്ധതിയിലൂടെ ചെയ്യുവാൻ കഴിഞ്ഞു.

തെങ്ങുകളുടെ രണ്ടു വർഷത്തെ പരിചരണമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. 2012-13 ൽ 4465.44 ലക്ഷം രൂപ ഇതിലേയ്ക്കായി വിനിയോഗിച്ചു.

## സംയോജിത നാളികേര വികസന പദ്ധതി

നാളികേര വികസനബോർഡിന്റെ ഈ പദ്ധതി കൃഷിവകുപ്പ് നേരിട്ടാണ് നടപ്പിലാക്കുന്നത്. 4 ജില്ലകളിലായി (കോട്ടയം, പത്തനംതിട്ട, കണ്ണൂർ, കാസർഗോഡ്) പദ്ധതി നടപ്പിലാക്കുന്നതിന് 44.14 ലക്ഷം രൂപ വിനിയോഗിച്ചു. 300 ഹെക്ടറിൽ പ്രദർശനത്തോട്ടവും രണ്ടാം വർഷ പരിചരണ മുറകൾ നടപ്പിലാക്കി.

## ഇടുക്കി പാക്കേജ്

ഇടുക്കി ജില്ലയിലെ ഇടുക്കി പാക്കേജ് പദ്ധതി പ്രദേശത്ത് തെങ്ങ് കൃഷി വികസന പദ്ധതി നടപ്പിലാക്കാൻ 44.998 ലക്ഷം രൂപ വിനിയോഗിച്ചു. രോഗം ബാധിച്ചതും ഉത്പാദനം കുറഞ്ഞതുമായ 4500 തെങ്ങുകൾ വെട്ടി മാറ്റുകയും 450 ഹെക്ടറിൽ ഒന്നാം വർഷ പരിചരണവും നടപ്പിലാക്കി.

## കുട്ടനാട് പാക്കേജ്

കേന്ദ്രാവിഷ്കൃത പദ്ധതിയായ കുട്ടനാട് പാക്കേജിലൂടെ തെങ്ങുകൃഷി വികസന പദ്ധതി നടപ്പിലാക്കി. 33572 രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റുന്നതിനും 4000 ഹെക്ടറിൽ ഒന്നാം വർഷ പരിചരണമുറകൾ അനുവർത്തിക്കുന്നതിനുമായി 400.00 ലക്ഷം രൂപ വിനിയോഗിച്ചു.

## തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി

നാളികേരവികസനബോർഡ് കൃഷി വകുപ്പുദ്യോഗസ്ഥരുടെ പങ്കാളിത്തത്തോടെ തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു പൈലറ്റ് പ്രോജക്റ്റ് എന്ന രീതിയിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ 2009-10 മുതൽ 2012-13 വരെയുള്ള കാലയളവിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 474.514 കോടി രൂപയാണ് കേന്ദ്ര സബ്സിഡി. കാറ്റു വീഴ്ച രോഗം രൂക്ഷമായി ബാധിച്ചതും ഉത്പാദനക്ഷമത തീരെ കുറഞ്ഞതുമായ 143.4 ലക്ഷം തെങ്ങുകൾ വെട്ടിമാറ്റുകയും വെട്ടിയവയുടെ എണ്ണത്തിന്റെ 50% തൈകൾ വച്ചു പിടിപ്പിക്കുവാനും ലക്ഷ്യമിടുന്നു. ഇതു കൂടാതെ 1.33 ലക്ഷം ഹെക്ടർ തെങ്ങിൻ തോട്ടങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമാണ് പദ്ധതിയുടെ ലക്ഷ്യം.

പദ്ധതിയുടെ ഒന്നാം ഘട്ടം തിരുവനന്തപുരം ജില്ലയിലെ വർക്കല, ആറ്റിങ്ങൽ, കഴക്കൂട്ടം ബ്ലോക്കുകളിലും, കൊല്ലം ജില്ലയിലെ ഓച്ചിറ, ചവറ, കരുനാഗപ്പള്ളി ബ്ലോക്കുകളിലും തൃശ്ശൂർ ജില്ലയിലെ കൊടകര, ഇരിങ്ങാലക്കുട, ചാലക്കുടി എന്നീ ബ്ലോക്കുകളിലുമായി നടപ്പിലാക്കി.

പദ്ധതിയുടെ രണ്ടാം ഘട്ടം തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ, കാട്ടാക്കട, നെടുമങ്ങാട്, ചെട്ടിവിളാകം, വാമനപുരം, പുളിമാത്ത് എന്നി ബ്ലോക്കുകളിലും കൊല്ലം ജില്ലയിലെ കൊല്ലം, ഇരവിപുരം, കുണ്ടറ, ശാസ്താംകോട്ട, കൊട്ടാരക്കര, ചാത്തന്നൂർ ബ്ലോക്കുകളിലും തൃശ്ശൂർ ജില്ലയിലെ മാള, കൊടുങ്ങല്ലൂർ, മതിലകം, തളിക്കുളം, വെള്ളാങ്ങല്ലൂർ, ചേർപ്പ് എന്നീ ബ്ലോക്കുകളിലും പദ്ധതി നിർവ്വഹണം പുരോഗമിച്ചു വരുന്നു.

പദ്ധതിയുടെ മൂന്നാം ഘട്ടം തിരുവനന്തപുരം ജില്ലയിലെ പാറശാല, ആര്യങ്കോട്, നെയ്യാറ്റിൻകര ബ്ലോക്കുകളിലും തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി, പഴയന്നൂർ, ചാവക്കാട്, ചൊവ്വന്നൂർ, മുല്ലശ്ശേരി, ഒല്ലൂക്കര, അന്തിക്കാട്, പുഴയ്ക്കൽ എന്നീ ബ്ലോക്കുകളിലുമായി പദ്ധതി നടത്തിപ്പ് പുരോഗമിക്കുന്നു.

രോഗം ബാധിച്ചതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 20 തെങ്ങുകൾക്ക് 500 രൂപ നിരക്കിലും അതിനുശേഷമുള്ള തെങ്ങുകൾക്ക് 250 രൂപ നിരക്കിലും പരമാവധി സബ്സിഡി ഒരു ഹെക്ടറിന് 13,000/- രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. തെങ്ങുകൾ വെട്ടിമാറ്റിയ തോട്ടങ്ങളിൽ തൈകൾ നടുന്നതിനായി തൈ ഒന്നിന് 20 രൂപ നിരക്കിൽ സബ്സിഡിയോടെ തെങ്ങിൻതൈകൾ നല്കുന്നതുമാണ്. തെങ്ങുകളുടെ പുനരുദ്ധാരണത്തിന് ശാസ്ത്രീയ വള പ്രയോഗവും മറ്റ് പരിചരണമുറകളും അനുവർത്തിക്കുന്നതിന് ഒരു ഹെക്ടറിന് 35,000/- രൂപയുടെ ആനുകൂല്യം 2 വർഷമായി നല്കുന്നതുമാണ്.

ഇതുവരെ 13,72,975 തെങ്ങുകൾ വെട്ടിമാറ്റുകയും 98073.7 ഹെക്ടറിൽ പുനരുദ്ധാരണവും 3,29,919 തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുകയും ചെയ്തു.

<u>**രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി**</u>

ആർ.കെ.വി.വൈ. പദ്ധതിയിൻ കീഴിൽ ശാസ്ത്രീയ കൃഷിമുറകൾ അനുവർത്തിക്കുന്നതിനായി 6000 ഹെക്ടറിൽ ഒന്നാം വർഷ പരിചരണമുറകൾ നടപ്പിലാക്കി. ഇതിലേക്കായി 1049.62 ലക്ഷം രൂപ വിനിയോഗിച്ചു.

Sindhams
സെക്ഷൻ ഓഫീസർ